ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 27.08.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനത്തിന് നാളെ തുടക്കം.

   **Prime Minister Narendra Modi's visit to Japan and China begins tomorrow.**

2. രാജ്യത്തെ വടക്കുപടിഞ്ഞാറൻ മേഖലയിൽ കനത്ത മഴ തുടരുന്നു. ജമ്മുകശ്മിരിൽ മഴക്കെടുതിയിൽ പത്ത് മരണം.

   **Heavy rains continue in the northwestern region of the country. Ten people died in Jammu and Kashmir due to rains.**

3. കൊച്ചിയിൽ നടക്കുന്ന ലോക് സംവർധൻ പർവ്വ് അഞ്ചാം പതിപ്പിൽ ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കും.

   **Union Minister of State George Kurien will participate in the fifth edition of Lok Samvardhan Parv in Kochi today.**

4. ഇന്ത്യൻ ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ തീരുമാനം ഇന്നു മുതൽ പ്രാബല്യത്തിൽ.

The US's decision to impose an additional 25 percent duty on Indian imports will come into effect from today.

5. കസാക്കിസ്ഥാനിൽ നടന്ന ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സിഫ്റ്റ് കൗർ സാമ്രക്ക് സ്വർണം.

India's Sift Kaur Samra wins gold at the Asian Shooting Championship in Kazakhstan.

&&&&&&&&&&&&&&&&&&

## MODI - JAPAN VISIT - MEA CHINA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനത്തിന് നാളെ തുടക്കം. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ഈ മാസം 31നും അടുത്ത മാസം ഒന്നിനും പ്രധാനമന്ത്രി ചൈന സന്ദർശിക്കും. ചൈനയിൽ നടക്കാനിരിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും.

*********************

## IMD

രാജ്യത്തെ വടക്കുപടിഞ്ഞാറൻ, മധ്യ, കിഴക്കൻ ഭാഗങ്ങളിൽ അടുത്ത 5 ദിവസം കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, ഒഡീഷ

എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. അരുണാചൽ പ്രദേശ്, അസം, മേഘാലയ, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, കർണാടക, കേരളം, മാഹി, ഗോവ എന്നിവിടങ്ങളിലും കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*********************

## JK-RAINS (INTRO)

ജമ്മുകശ്മീരിൽ മഴക്കെടുതി രൂക്ഷം. കഴിഞ്ഞ 24 മണിക്കൂറിനിടെ പത്തിലേറെ പേർ മരിച്ചതായാണ് റിപ്പോർട്ട്. താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്കത്തിൽ മുങ്ങി, മിക്ക നദികളും അപകടരേഖയ്ക്ക് മുകളിൽ ഒഴുകുകയാണ്.

**ഒരു റിപ്പോർട്ട്.....**

(വോയിസ്)

*ജമ്മുവിൽ പലയിടത്തും വൈദ്യുതി വിതരണവും ഇൻറർനെറ്റ് സേവനങ്ങളും തടസ്സപ്പെട്ടു. അടിയന്തര സേവനങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ ഓഫീസുകളും ഇന്ന് അടച്ചിടും. കനത്ത മഴയെത്തുടർന്ന് കത്ര, ഉദംപൂർ, ജമ്മു റെയിൽവേ സ്റ്റേഷനുകളിലേക്കും തിരിച്ചുമുള്ള 18 ട്രെയിനുകൾ വടക്കൻ റെയിൽവേ റദ്ദാക്കി. നാല് ട്രെയിനുകൾ താൽക്കാലികമായി നിർത്തിവച്ചു. ജമ്മു കശ്മീർ സർവീസസ് സെലക്ഷൻ ബോർഡ് ഈ മാസം 31 ന് നടത്താനിരുന്ന ജൂനിയർ സിവിൽ എഞ്ചിനീയർ തസ്തികയിലേക്കുള്ള പരീക്ഷ മാറ്റിവച്ചു. അടിയന്തിര സാഹചര്യങ്ങളിൽ ഹെൽപ്പ് ലൈൻ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു. തിങ്കളാഴ്ച രാത്രി മുതൽ ജമ്മു മേഖലയിൽ വ്യാപക നാശം വിതച്ചുകൊണ്ട് അതിശക്തമായ മഴയാണ് അനുഭവപ്പെടുന്നത്.*

*********************

## PUNJAB RAINS

പഞ്ചാബിൽ കനത്ത മഴയും വെള്ളപ്പൊക്കവും തുടരുന്നു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ഏഴ് ജില്ലകളിൽ അതീവ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ 36 മണിക്കൂറായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തുടർച്ചയായി പെയ്യുന്ന മഴ കാരണം ബിയാസ്, രവി നദികൾ കരകവിഞ്ഞൊഴുകിയതാണ് വെള്ളപ്പൊക്കത്തിന് കാരണമായത്. സൈന്യം, ബിഎസ്എഫ്, എൻഡിആർഎഫ് എന്നിവയുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനങ്ങൾ നടക്കുന്നത്. ഈ മാസം 30 വരെ പഞ്ചാബിലെ എല്ലാ സ്കൂളുകൾക്കും മുഖ്യമന്ത്രി അവധി പ്രഖ്യാപിച്ചു.

*********************

## INDIA FLOODING PAK

കനത്ത മഴയിൽ കരകവിഞ്ഞൊഴുകുന്ന നദികളിൽനിന്നും ഇന്ത്യക്ക് വെള്ളം തുറന്നുവിടേണ്ടിവന്ന സാഹചര്യത്തിൽ പാകിസ്ഥാനിൽ പതിനായിരക്കണക്കിന് ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി. വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് ഇന്ത്യ പാകിസ്ഥാന് മുന്നറിയിപ്പ് നൽകിയിരുന്നു. മാസങ്ങൾക്ക് ശേഷം ഇരുരാജ്യങ്ങളും തമ്മിലുള്ള ആദ്യ നയതന്ത്ര ബന്ധമായിരുന്നു ഇത്. കിഴക്കൻ പഞ്ചാബ് പ്രവിശ്യയിലെ വിവിധ ജില്ലകളിൽ ഒഴിപ്പിക്കൽ പുരോഗമിക്കുകയാണെന്നു പാകിസ്ഥാന്റെ ദേശീയ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

*********************

## RAIN - KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*********************

## GOVT WHEAT

പൂഴ്ത്തിവയ്പ്പ് തടയാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ലക്ഷ്യമിട്ട് ഗോതമ്പിന്റെ ശേഖരത്തിന് പരിധി ഏർപ്പെടുത്തി കേന്ദ്രസർക്കാർ. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മൊത്തക്കച്ചവടക്കാർക്കും, ചില്ലറ വ്യാപാരികൾക്കും ഉൾപ്പെടെ ഇത് ബാധകമായിരിക്കും. മൊത്തക്കച്ചവടക്കാർക്കുള്ള സ്റ്റോക്ക് പരിധി മൂവായിരം മെട്രിക് ടണ്ണിൽ നിന്ന് രണ്ടായിരം മെട്രിക് ടണ്ണായും ചില്ലറ വ്യാപാരികൾക്ക് എട്ട് മെട്രിക് ടൺ ആയും നിജപ്പെടുത്തിയെന്ന് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

*********************

## LOK SAMVARDHAN PARV

കൊച്ചിയിൽ നടക്കുന്ന ലോക് സംവർധൻ പർവ്വ് അഞ്ചാം പതിപ്പിൽ ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കും. ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ, സംരംഭകർ തുടങ്ങിയവർക്ക് ദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്. രാജ്യത്തുടനീളമുള്ള നിരവധി നെയ്ത്തുകാർ, പാചക വിദഗ്ധർ ഉൾപ്പെടെ പങ്കെടുക്കുന്ന പരിപാടിയിൽ വിവിധ

സംസ്ഥാനങ്ങളിൽ നിന്നുള്ള വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ പ്രദർശിപ്പിക്കും.

*********************

## PREZ-GANESH CHATURTHI

ഇന്ന് വിനായക ചതുർത്ഥി. ചതുർത്ഥിയോടനുബന്ധിച്ച് ക്ഷേത്രങ്ങളിൽ പുലർച്ചെ മുതൽ പ്രത്യേക പൂജകൾ ആരംഭിച്ചു. വീടുകളിലും വിഗ്രഹ പൂജ നടക്കുന്നുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു. ഉത്സവാഘോഷവേളയിൽ പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന നൽകണമെന്നും ശ്രീമതി മുർമ്മു ജനങ്ങളോട് അഭ്യർത്ഥിച്ചു.

*********************

## RAJNATH SINGH (INTRO)

ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി, ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് വിശാഖപട്ടണത്ത് നടന്നു. മേക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് എന്നിവയുടെ മികച്ച ഉദാഹരണമാണ് നാവിക സേന യുദ്ധകപ്പലുകളെന്ന് ചടങ്ങിനെ അഭിസംബോധന ചെയ്ത രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഉദയഗിരി, മുംബൈയിലെ കപ്പൽ നിർമാണ ശാലയിലും, ഹിമഗിരി, കൊൽക്കത്തയിലുമാണ് നിർമിച്ചത്.

*********************

## CBIC-GST

ചരക്കു സേവന നികുതി നിരക്കുകൾ സംബന്ധിച്ച് ഊഹാപോഹങ്ങൾ പരത്തരുതെന്ന് കേന്ദ്ര പരോക്ഷ നികുതി, കസ്റ്റംസ് ബോർഡ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉൾപ്പെട്ട ജിഎസ്ടി കൗൺസിലാണ് ഇത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതെന്നും ബോർഡ് സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. ഊഹാപോഹങ്ങൾ ഓഹരി വിപണികളിൽ ചാഞ്ചാട്ടം സൃഷ്ടിച്ചേക്കാമെന്നും സിബിഐസി പറഞ്ഞു.

*********************

## US - INDIA - TARIFFS

ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ തീരുമാനം ഇന്നു മുതൽ പ്രാബല്യത്തിൽ. ഇത് സംബന്ധിച്ച് യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതോടെ ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ തീരുവ 50 ശതമാനമായി ഉയരും. നടപടി അന്യായവും, നീതീകരിക്കാനാവാത്തതും, യുക്തിരഹിതവുമാണെന്ന് ഇന്ത്യ വ്യക്തമാക്കി.

*********************

## THAMARASSERY CHURAM (INTRO)

ഇന്നലെ രാത്രിയുണ്ടായ മണ്ണ് ഇടിച്ചിലിനെ തുടർന്ന് വയനാട് താമരശ്ശേരി ചുരം പൂർണമായും അടച്ചു. ഇന്നു രാവിലെ വിദഗ്ധ സംഘമെത്തി ചുരത്തിൽ പരിശോധന നടത്തും.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്....**

(വോയിസ്)

*********************

## SPORTS - SHOOTING

കസാക്കിസ്ഥാനിൽ നടന്ന 16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 50 മീറ്റർ റൈഫിൾ- 3 പൊസിഷൻ ഇനത്തിൽ ഇന്ത്യയുടെ സിഫ്റ്റ് കൗർ സാമ്രക്ക് സ്വർണം. ഷൂട്ടർ എയ്റ്റ് ഫൈനലിൽ ഇന്ത്യൻ താരം ആഷി ചൗക്സി ഏഴാം സ്ഥാനത്തെത്തി.

*********************

## NEERAJ CHOPRA

സ്വിറ്റ്സർലന്റിലെ സൂറിച്ചിൽ നടക്കുന്ന ഡയമണ്ട് ലീഗ് ഫൈനലിൽ ഒളിമ്പിക് മെഡൽ ജേതാവായ, ഇന്ത്യൻ ജാവലിൻ ത്രോ താരം നീരജ് ചോപ്ര പങ്കെടുക്കും. നാളെയാണ് മത്സരം.

*********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും വെള്ളിയാഴ്ച വരെ പങ്കുവയ്ക്കാം.

*********************

## ONAM KIT

സംസ്ഥാന സർക്കാരിന്റെ സൗജന്യ ഓണക്കിറ്റ് വിതരണം ഇന്നു മുതൽ. റേഷൻ കടകൾ വഴിയാണ് ഓണക്കിറ്റ് വിതരണം

ചെയ്യുന്നത്. എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ ക്കുമാണ് 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ കിറ്റ് നൽകുന്നത്.

**********************

# IDSFK

17-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്ര മേള ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. വൈകുന്നേരം ആറ് മണിക്ക് കൈരളി തിയേറ്ററിൽ നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ രാകേഷ് ശർമ്മയ്ക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മുഖ്യമന്ത്രി സമ്മാനിക്കും.

**********************

# AYURVEDA DAY

9-ാമത് ആയുർവേദ ദിനം അടുത്ത മാസം 23 ന് ആഘോഷിക്കാൻ തീരുമാനിച്ചതായി കേന്ദ്ര ആയുഷ് മന്ത്രാലയം അറിയിച്ചു. ഇതാദ്യമായാണ് ആയുർവേദ ദിനം ആഘോഷിക്കുന്നതിനായി നിശ്ചിത തീയതി തീരുമാനിക്കുന്നത്. ഭൂമിക്കും ജനങ്ങൾക്കും വേണ്ടി ആയുർവേദം എന്നതാണ് ഈ വർഷത്തെ പ്രമേയം. സെപ്റ്റംബർ 23 ആയുർവേദ ദിനമായി പ്രഖ്യാപിച്ചതിലൂടെ ഇന്ത്യ ആയുർവേദത്തിന് ആഗോള അംഗീകാരം നൽകിയെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് പറഞ്ഞു.

*

********

**********************************